# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 8049 — 24.07.2012- ൽ മറുപടിക്ക്

**തിരുവനന്തപുരം പോലീസ് സ്റ്റാഫ് സഹകരണ സംഘം പിടിച്ചെടുക്കാൻ നീക്കം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി. സുധാകരൻ : | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| എ) തിരുവനന്തപുരം പോലീസ് സ്റ്റാഫ് സഹകരണ സംഘത്തിന്റെ വാർഷിക പൊതുയോഗം തടഞ്ഞുകൊണ്ട് സഹകരണ ജോയിന്റ് രജിസ്ട്രാർ ഉത്തരവായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൊതുയോഗ സ്ഥലം മാറ്റിവച്ച വിവരം, നിയമം അനുശാസിക്കുന്ന സമയപരിധി കണക്കിലെടുക്കാതെ പരസ്യം നൽകിയതിനാലും ടി സംഘത്തിലെ അംഗങ്ങളിൽ സർവ്വീസിൽ നിന്നും വിരമിച്ചവരും തിരുവനന്തപുരം ജില്ലയ്ക്ക് പുറത്ത് താമസക്കാരും സേവനമനുഷ്ഠിക്കുന്നവരുമായ ആളുകൾ ഉൾപ്പെട്ടിട്ടുള്ളതായി പ്രാഥമിക അന്വേഷണ റിപ്പോർട്ട് ലഭിച്ചതിനാലുമാണ് 30.06.2012-ൽ കൂടുവാൻ നിശ്ചയിച്ചിരുന്ന പൊതുയോഗം തടഞ്ഞുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചത്. |
| ബി) വാർഷിക പൊതുയോഗം മുൻ നിശ്ചയിച്ച ഹസൻമരയ്ക്കാർ ഹാളിൽ നിന്നും പേട്ട എസ്.എൻ.ഡി.പി. ഹാളിലേയ്ക്ക് മാറ്റിയത് ആരുടെ നിർദ്ദേശപ്രകാരമായിരുന്നുവെന്ന് അറിയിക്കുമോ; | ബി) സംഘം ഭരണസമിതിയുടെ 25.06.2012-ലെ 3-ാം നമ്പർ തീരുമാന പ്രകാരമാണ് യോഗസ്ഥലം മാറ്റാൻ തീരുമാനിച്ചിരുന്നതെന്ന് സംഘം റിക്കാർഡുകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. |
| സി) സംഘത്തിൽ നിലവിലുള്ള ഭരണസമിതി അധികാരമേറ്റശേഷം മറ്റു ജില്ലകളിൽ ജോലി ചെയ്യുന്നവരെയും സർവ്വീസിൽ നിന്ന് വിരമിച്ചവരേയും സംഘത്തിൽ അംഗങ്ങളാക്കിയിട്ടുണ്ടോ;<br><br>ഡി) സംഘം ഭരണസമിതി മറ്റു ജില്ലകളിൽ ജോലി ചെയ്യുന്ന എത്രപേരുടേയും, സർവ്വീസിൽ നിന്നും വിരമിച്ച എത്രപേരുടേയും അംഗത്വം ഒഴിവാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ; | സി) യും ഡി) യും: അനധികൃത അംഗത്വം സംബന്ധിച്ച നിജസ്ഥിതി മനസ്സിലാക്കുന്നതിലേയ്ക്ക് തിരുവനന്തപുരം സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ കേരളാ സഹകരണ നിയമം വകുപ്പ് 66 പ്രകാരം ഒരു വിശദമായ പരിശോധന നടത്തുവാൻ ഉത്തരവായിട്ടുണ്ട്. പരിശോധന പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ അനർഹരായവർക്ക് അംഗത്വം നൽകിയിട്ടുണ്ടോ എന്ന് അറിയാൻ കഴിയുകയുള്ളൂ. |

| | | | |
|---|---|---|---|
| ഇ) | സംഘത്തിൽ സാമ്പത്തിക ബാധ്യതയുള്ള മറ്റ് ജില്ലകളിൽ ജോലി ചെയ്യുന്നവരുടേയും സർവ്വീസിൽ നിന്നും വിരമിച്ചവരുടേയും അംഗത്വം സാമ്പത്തികബാധ്യത കണക്ക് അവസാനിപ്പിക്കുന്ന മുറയ്ക്ക് ഒഴിവാക്കാൻ നിർദ്ദേശം നൽകുമോ; | ഇ) | പരിശോധിക്കുന്നതാണ്. |
| എഫ്) | ഈ സംഘത്തിൽ റൂൾ 68 പ്രകാരം അന്വേഷണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; | എഫ്) | കേരളാ സഹകരണ നിയമം വകുപ്പ് 68(1) പ്രകാരം ടി സംഘത്തിൽ അന്വേഷണം നടക്കുന്നുണ്ട്. റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| ജി) | സംഘത്തിൽ റൂൾ 66 പ്രകാരം അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | ജി) | ടി സംഘത്തിലെ അനധികൃത അംഗത്വം സംബന്ധിച്ച് പരിശോധിക്കുന്നതിനായി കേരള സഹകരണ നിയമം വകുപ്പ് 66 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| എച്ച്) | അന്വേഷണം പൂർത്തിയായിട്ടുണ്ടോ; ഉണ്ടെങ്കിൽ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; | എച്ച്) | അന്വേഷണം പൂർത്തിയായിട്ടില്ല. |
| ഐ) | സംഘത്തിന്റെ വാർഷിക പൊതുയോഗം തടഞ്ഞുകൊണ്ടുള്ള സഹകരണ ജോയിന്റ് രജിസ്ട്രാറുടെ ഉത്തരവ് പിൻവലിച്ച് പൊതു യോഗം നടത്തുന്നതിന് സംഘത്തിന് അനുവാദം നൽകുമോ; | ഐ) | നിയമാനുസരണമുള്ള നടപടി ക്രമങ്ങൾ പാലിച്ച് സംഘത്തിന് പൊതുയോഗം കൂടാവുന്നതാണ്. |
| ജെ) | ഭരണസമിതി പിരിച്ചുവിട്ട് അഡ്മിനിസ്ട്രേറ്റർ ഭരണം ഏർപ്പെടുത്താൻ വകുപ്പതല ഉദ്യോഗസ്ഥരുടെ ഒത്താശയോടെ ചിലർ ശ്രമിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം ഉദ്യോഗസ്ഥർ ക്കെതിരെ നിയമാനുസൃത നടപടി സ്വീകരിക്കുമോ? | ജെ) | ടി സംഘത്തിലെ നിലവിലുള്ള ഭരണസമിതിയെ പിരിച്ചുവിട്ട് അഡ്മിനിസ്ട്രേറ്റർ ഭരണം ഏർപ്പെടുത്തുന്നതിന് യാതൊരു നടപടിയും സ്വീകരിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

**തിരുവനന്തപുരം ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) കേരള സഹകരണ നിയമം വകുപ്പ് 66 പ്രകാരം പുറപ്പെടുവിക്കുന്ന ഉത്തരവ്**

നമ്പർ. സിഎസ്. 6013/12

തീയതി : 29.06.12

വിഷയം:- ടി 696-ാം നമ്പർ പോലീസ് സ്റ്റാഫ് സഹകരണ സംഘം - അംഗത്വത്തെ സംബന്ധിച്ച് - വിശദമായ പരിശോധന നടത്തുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

പരാമർശം:- 1. ശ്രീ എം. സോമനാഥന്റെ 26-06-12 ലെ പരാതി

2. അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) തിരുവനന്തപുരത്തിന്റെ 28-06-12 ലെ പിറ്റിഎം./2246/12-ാം നമ്പർ റിപ്പോർട്ട്.

ടി 696-ാം നമ്പർ പോലീസ് സ്റ്റാഫ് സഹകരണ സംഘത്തിൽ മരണാനന്തരയ്ക്ക് വിരുദ്ധമായി വിവിധ ജില്ലകളിൽ ജോലി നോക്കി വരുന്നവരും താമസക്കാരുമായ ഉദ്യോഗസ്ഥരും സർവ്വീസിൽ നിന്നും പിരിഞ്ഞുപോയവരും അംഗത്വത്തിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന പരാമർശം (1) പ്രകാരം ശ്രീ സോമനാഥൻ സമർപ്പിച്ച പരാതിയിന്മേൽ അന്വേഷണം നടത്തി പരാമർശം (2) പ്രകാരം അസിസ്റ്റന്റ് രജിസ്ട്രാർ (തിരുവനന്തപുരം) സമർപ്പിച്ച റിപ്പോർട്ടിൽ സംഘത്തിലെ അംഗങ്ങളിൽ ബൈലാ വ്യവസ്ഥയ്ക്ക് വിരുദ്ധമായി മറ്റ് ജില്ലകളിൽ ജോലി ചെയ്യുന്നവരും സർവ്വീസിൽ നിന്ന് പിരിഞ്ഞുപോയവരും അംഗത്വത്തിൽ ഉൾപ്പെട്ടിട്ടുള്ളതായി പ്രാഥമിക അന്വേഷണത്തിൽ ബോദ്ധ്യപ്പെട്ടിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിരിക്കുന്നു. ആകയാൽ സംഘം നിയമാവലിക്ക് വിരുദ്ധമായി ടി സംഘത്തിൽ അംഗമായി തുടരുന്നവർ ആരെന്ന് കണ്ടെത്തി ടിയാനെ അംഗത്വത്തിൽ നിന്നും നീക്കം ചെയ്യുന്നതിനായി ഒരു വിശദ പരിശോധന ആവശ്യമാണെന്ന് എനിക്ക് ബോദ്ധ്യപ്പെട്ടിരിക്കുന്നു. മേൽ സാഹചര്യത്തിൽ താഴെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

<u>ഉത്തരവ്</u>

റ്റി 696-ാം നമ്പർ പോലീസ് സ്റ്റാഫ് സഹകരണ സംഘത്തിൽ നിയമാവലി വ്യവസ്ഥയ്ക്ക് വിരുദ്ധമായി അംഗത്വം നേടിയിട്ടുണ്ടോ ഉണ്ടെങ്കിൽ ആരൊക്കെയാണ് അങ്ങനെ അംഗത്വം നേടിയത് നിയമ വിരുദ്ധമായി അംഗത്വത്തിൽ തുടരുന്നവർ ആരൊക്കെ എന്നീ കാര്യങ്ങൾ കണ്ടെത്തുന്നതിനായി 1969 ലെ കേരള സഹകരണ നിയമം വകുപ്പ് 66 പ്രകാരം ഒരു വിശദമായ പരിശോധന നടത്തുന്നതിന് എന്നിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് ഇതിനാൽ ഉത്തരവാകുന്നു. ടി അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് തിരുവനന്തപുരം അസിസ്റ്റന്റ് രജിസ്ട്രാർ ആഫീസിലെ പാപ്പനംകോട് യൂണിറ്റ് ഇൻസ്പെക്ടർ ശ്രീ. ജയകുമാറിനെ നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു. ടി ഉദ്യോഗസ്ഥൻ നിയമാനുസൃത നടപടികൾ പാലിച്ചു കൊണ്ട് ടി പരിശോധന 1 മാസത്തിനകം പൂർത്തിയാക്കി ഈ ആഫീസിൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

Syamalakumari

കെ. ശ്യാമളകുമാരി
ജോയിന്റ് രജിസ്ട്രാർ (ജനറൽ)
തിരുവനന്തപുരം

ശ്രീ. ജയകുമാർ
യൂണിറ്റ് ഇൻസ്പെക്ടർ / അന്വേഷണ ഉദ്യോഗസ്ഥൻ
പാപ്പനംകോട് യൂണിറ്റ്,
അസിസ്റ്റന്റ് രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം.

<u>പകർപ്പ്</u> :-

1. സെക്രട്ടറി / പ്രസിഡന്റ്
   റ്റി 696-ാം നമ്പർ പോലീസ് സ്റ്റാഫ് സഹകരണ സംഘം ക്ലിപ്തം,
   വഴുതയ്ക്കാട് (കൈപ്പറ്റ് രസീത് സഹിതം രജിസ്റ്റേഡ്)
2. അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ), തിരുവനന്തപുരം.
3. സെക്രട്ടറി, സർക്കിൾ സഹകരണ യൂണിയൻ.
4. ജനറൽ മാനേജർ, ജില്ലാ സഹകരണ ബാങ്ക്.
5. സ്റ്റോക്ക് ഫയൽ
6. സ്പെയർ

സെക്ഷൻ ഓഫീസർ